# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1140**

**21/03/2013-ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിൽ ഐ.ഐ.റ്റി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. പി. കെ. അബ്ദുറബ്ബ്**<br>**(ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി)** |
| (എ) 2012-2013-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പാലക്കാട് ജില്ലയിൽ ഐ.ഐ.റ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഒരു ഐ.ഐ.ടി സ്ഥാപിക്കുന്നതിനായി കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകാത്തതിനാൽ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ബി) ഇതിനായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ട്.പാലക്കാട് ജില്ലയിലെ പടിഞ്ഞാറെ പുതുശ്ശേരി വില്ലേജിൽ ഐ.ഐ.ടി. സ്ഥാപിക്കുവാൻ 237.04 ഏക്കർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ 273. 22 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്. |
| (സി) ഐ.ഐ.റ്റി സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാറിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) ഇല്ല. കേരളത്തിന് 12-)o പഞ്ചവത്സര പദ്ധതി കാലയളവിൽ തന്നെ ഐ.ഐ.ടി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. നേരിട്ടും കത്തു മുഖേനയും കേരളത്തിൽ ഐ.ഐ.ടി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബഹു. പ്രധാനമന്ത്രിയെയും കേന്ദ്ര മാനവശേഷി വികസന വകുപ്പ് മന്ത്രിയെയും ബഹു. മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പമന്ത്രിയും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ